# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ടചോദ്യ നമ്പർ 44 | 08.08.2017 - ൽ മറുപടിക്ക് |
|---|---|

**ചരക്ക് സേവന നികുതിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കാൻ നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീ. സുരേഷ് കുറുപ്പ്<br>ശ്രീ. കെ. ബാബു<br>ശ്രീ. എം. രാജഗോപാലൻ | | ഡോ. ടി.എം തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പു മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതുവഴി സർക്കാരിനും ഉപഭോക്താവിനും വ്യവസായ മേഖലയ്ക്കും ഏതൊക്കെ തരത്തിലുള്ള പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ കേന്ദ്രസർക്കാർ ചുമത്തിവരുന്ന കേന്ദ്ര എക്സൈസ് നികുതി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, സേവന നികുതി തുടങ്ങിയവയും സംസ്ഥാനങ്ങൾ ചുമത്തിവരുന്ന മൂല്യവർദ്ധിതനികുതി, കേന്ദ്രവില്പന നികുതി, ലോട്ടറി നികുതി തുടങ്ങിയവയും ഏകോപിപ്പിക്കുന്ന നികുതി വ്യവസ്ഥയാണ് ചരക്ക്സേവന നികുതി. നികുതിക്കു മേൽ നികുതി എന്ന അവസ്ഥ ഏതാണ്ട് പൂർണ്ണമായും ഒഴിവാകുന്നതാണ്. സാധനങ്ങളുടെ ഉല്പാദനത്തിൻമേലും വില്പനയിൻമേലുമുള്ള നികുതികൾ ഏകീകരിക്കപ്പെടുന്നതിനാൽ ഇന്ത്യ ഒറ്റക്കമ്പോളമായി മാറുകയും നികുതിക്കുമേൽ നികുതിയില്ലാത്തതു കൊണ്ട് എല്ലാ സപ്ലൈയിലും നൽകുന്ന നികുതി ഇൻവോയിസിൽ നിന്നും വ്യക്തമായി മനസ്സിലാക്കാനാകുമെന്ന തിനാൽ ഈ നികുതി വ്യവസ്ഥ വളരെ സുതാര്യമാണ്. ഇത് വ്യാപാര സ്ഥാപനങ്ങൾ തമ്മിലുള്ള മത്സരം വർദ്ധിപ്പിക്കാൻ സാധിക്കുകയും ഉപഭോക്താക്കൾക്ക് ഗുണപ്രദമാവുകയും ചെയ്യുമെന്നതാണ് പ്രതീക്ഷ.<br><br>ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണെന്ന് കരുതപ്പെടുന്നു. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികോം, ഇൻഷുറൻസ്, ഫിനാൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ |

| | | | |
|---|---|---|---|
| | | | ഉയർന്ന നിരക്കുകളിൽ ഒന്നായതിനാൽ കേരളം നേട്ടം പ്രതീക്ഷിക്കുന്നു. ജി.എസ്.ടി യി.ൽ ആദ്യത്തെ സമ്പൂർണ്ണ റിട്ടേൺ സമർപ്പിക്കുന്നതിന് സെപ്തംബർ 10 വരെ വ്യാപാരികൾക്ക് സാവകാശം നൽകിയിട്ടുണ്ട്. ഈ റിട്ടേൺ സമർപ്പിക്കുന്ന മുറയ്ക്കു മാത്രമേ നികുതി വരുമാനത്തെ സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാകൂ. ജി.എസ്.റ്റി നടപ്പാക്കുമ്പോൾ നികുതി നഷ്ടം ഉണ്ടായാൽത്തന്നെ 2015-16 അടിസ്ഥാന വർഷമായി കണക്കാക്കി 14% ൽ താഴയാണാ വളർച്ചാ നിരക്കെങ്കിൽ അത് കേന്ദ്രസർക്കാർ നികത്തി നൽകുന്നതാണ്. വരുന്ന അഞ്ച് വർഷത്തേയ്ക്കാണ് ഈ ആനുകൂല്യം. അന്തർസംസ്ഥാന കൈമാറ്റങ്ങളിൽ നൽകിയ നികുതി, വാങ്ങിയ വ്യാപാരിക്ക് അവർ തുടർ വില്പന നടത്തുമ്പോൾ ക്രെഡിറ്റ് എടുക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത നികുതി നിയമം പ്രാബല്യത്തിലായി ഒരു മാസത്തിലേറെയായിട്ടും ഇവയിലേതെങ്കിലും ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ജി.എസ്.ടി സമ്പ്രദായം അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. നേരത്തെ സംസ്ഥാനാതിർത്തിക്കുള്ളിൽ ഒതുങ്ങി നിന്ന മൂല്യ വർദ്ധിത നികുതി സമ്പ്രദായം വിപുലമായ ഇന്ത്യൻ വിപണയിൽ ആകെ ബാധകമാകുന്ന തരത്തിലുള്ള നികുതി സംവിധാനമായി മാറുകയാണ്. ഈ വിപുലമായ മാറ്റത്തിന്റെ അന്തരാളഘട്ടത്തിലാണ് രാജ്യം. ജി.എസ്.ടി ഭരണസമ്പ്രദായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായ ജി.എസ്.ടി നെറ്റുവർക്ക് നടപ്പിലായി പൂർണ്ണതോതിൽ നടപ്പിലായി വരുന്നതേയുള്ളൂ. ജി.എസ്.റ്റി. ജൂലൈ 1 മുതലാണ് നടപ്പിലാക്കിയത്. വ്യാപാരികൾ ജൂലൈ മാസത്തെ പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള കാലാവധി സെപ്തംബർ 10 വരെ നീട്ടിക്കൊടുത്തിട്ടുണ്ട്. റിട്ടേൺ ഫയൽ ചെയ്തതിനുശേഷം മാത്രമേ നികുതി വരുമാനത്തെക്കുറിച്ചുള്ള കണക്കുകൾ ലഭ്യമാവുകയുള്ളൂ. അതിനാൽ ഇതു സംബന്ധിച്ച ഒരു പൂർണ്ണ വിലയിരുത്തൽ ഇപ്പോൾ സാധ്യമല്ല. |
| (സി) | കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കുണ്ടായ നികുതി നഷ്ടവും നികുതി ദായകരിൽ നിന്ന് ഈടാക്കുന്ന അധികതുകയും വ്യവസായികളും വ്യാപാരികളും അനധികൃതമായി കൈക്കലാക്കുന്നത് തടയുന്നതിന് [illegible] | (സി) & (ഡി) | ജി.എസ്.ടി നടപ്പാക്കിയിട്ടുള്ള എല്ലാ രാജ്യങ്ങളിലും വിലക്കയറ്റം പ്രകടമായിട്ടുണ്ട്. വിവിധ നികുതികൾ ചേരുന്ന ആകെ നികുതി ഭാരം ചരക്കുസേവന നികുതി സമ്പ്രദായത്തിൽ കുറയുമെങ്കിലും ഇത്തരത്തിൽ കുറവു വരുന്ന നികുതിയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള വൻകിട കമ്പനികളുടെയും വിതരണക്കാരുടെയും തന്ത്രം |

| | | | |
|---|---|---|---|
| | സർക്കാരിന് സാധ്യമായതായി കരുതുന്നുണ്ടോ; | | ഇത്തരത്തിലുള്ള വിലക്കയറ്റത്തിന് കാരണമാകുന്നത്. ഈ വസ്തുത കേരളം ജി.എസ്.ടി കൗൺസിലിൽ ആവർത്തിച്ച് ചൂണ്ടിക്കാണിക്കുകയും ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിക്കു വേണ്ടി ഉറച്ച നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി നിരക്കുകൾ നിർണ്ണയിക്കുന്ന ഘട്ടത്തിൽ കൗൺസിലിൽ കേരളം ചൂണ്ടിക്കാണിച്ച ഈ ആശങ്ക യാഥാർത്ഥ്യമാകുന്നതാണ് നാം കാണുന്നത്. ഓരോ ചരക്കിന്റെയും നിലവിലുള്ള നികുതിഭാരവും ജി.എസ്.ടി വരുമ്പോഴുണ്ടാകുന്ന കുറവും കണക്കാക്കി അത് പ്രസിദ്ധപ്പെടുത്തണമെന്നും ഓരോ ചരക്കിന്റെയും ടാക്സ് ഇൻസിഡൻസ് കാണിക്കുന്ന മാട്രിക്സ് സംസ്ഥാനങ്ങൾക്ക് കൈമാറണമെന്നും ജി.എസ്.ടി കൗൺസിലിൽ കേരളം നിരന്തരം ആവശ്യപ്പെട്ടു പോന്നതാണ്. ഇത് ലഭിക്കാതിരുന്നിട്ടും 100 ഉൽപന്നങ്ങളുടെ നികുതിയിൽ ഉണ്ടാകുന്ന കുറവ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.<br>കേന്ദ്രതലത്തിൽ ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിയും സംസ്ഥാനതലത്തിലെ സമിതികളും യഥാസമയം രൂപീകരിക്കണമെന്നും സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചു. ജി.എസ്.ടി നടപ്പാക്കിയതിലൂടെ വളരെയധികം ചരക്കുകളുടെ നികുതി നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും നികുതിക്കുറവിന്റെ ആനുകൂല്യം ലഭിച്ച പല ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ പ്രോഡക്ട്സും വില കുറയ്ക്കാതെ അമിതലാഭം കൈയടക്കുന്ന പ്രവണത വിപണിയിൽ ദൃശ്യമാണ്. 2017 ജൂൺ 30 ന് വിൽപ്പനക്കാരുടെ കൈയിൽ സ്റ്റോക്ക് ഉണ്ടായിരുന്ന ചരക്കുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കിട്ടുന്നതു സംബന്ധിച്ച ആശയക്കുഴപ്പവും വിപണയിൽ പ്രതിഫലിച്ചു.<br>സംസ്ഥാനത്തിനകത്തും ഇതിന്റെ അനുരണനങ്ങൾ ഉണ്ടായിട്ടുണ്ട്. നികുതി പൂർണ്ണമായും ഇല്ലാതാകുന്ന കോഴിക്ക് വില കയറുന്ന സ്ഥിതിവന്നു. വൻകിട കോഴി ഏജന്റുമാർ 'കാർട്ടൽ' പോലെ പ്രവർത്തിച്ച് നികുതിയിൽ ഉണ്ടായ ഇളവ് ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള നീക്കത്തിന്റെ ഫലമായിരുന്നു ഇത്. ഇതിനെതിരെ സംസ്ഥാന സർക്കാർ ഉറച്ച നിലപാട് സ്വീകരിച്ചു. അനിയന്ത്രിതമായി വില കയറുന്നതിനുള്ള പ്രവണതയെ ഒരു പരിധി വരെ കടിഞ്ഞാൺ ഇടാൻ ഇതുമൂലം |
| (ഡി) | ഇക്കാര്യത്തിൽ ജനങ്ങളുടെ താൽപര്യം സംരക്ഷിക്കാനായി അടിയന്തരമായി ഇടപെടാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ എന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | കഴിഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നികുതി നിരക്കിൽ വന്ന ഇളവുകൾ ഉടനടി തന്നെ പ്രാബല്യത്തിൽ വരുത്തുകയും കോർപ്പറേഷൻ വഴി വിൽക്കുന്ന ചരക്കുകൾക്ക് വിലക്കുറവ് പ്രഖ്യാപിക്കുകയും ചെയ്തു. ജി.എസ്.ടി.യുടെ പ്രാരംഭഘട്ടത്തിൽ ചില അവ്യക്തതകൾ വ്യാപാരി സമൂഹത്തിന് ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ഈ പരാതികൾ പരിഹരിക്കുതിനായി വ്യാപാരി വ്യവസായികളുടെ സംഘടനകളെ വിളിക്കുകയും ജി.എസ്.ടി.യിലൂടെ ലഭിക്കുന്ന നികുതി നിരക്കിന്റെ കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്നോ ആവശ്യപ്പെടുകയും ചെയ്തു.<br>സംസ്ഥാനത്തിന് പുറത്തു നിന്നും വാങ്ങുന്ന ചരക്കുകൾക്കും സേവനങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണ്. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ നികുതി നിരക്കിൽ വന്നിട്ടുള്ള കുറവും ഇൻപുട്ട് ടാക്സിന്റെ പ്രയോജനവും കണക്കിലെടുത്ത് അവശ്യവസ്തുക്കൾക്ക് വിലക്കുറവ് ഉണ്ടാകുമൊണ് പ്രതീക്ഷിക്കുന്നത്. ഇത് നിരീക്ഷിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതാണ്. ജി.എസ്.ടി.യുടെ മറവിലുള്ള വിലക്കയറ്റം നിയന്ത്രിക്കാനുള്ള ശക്തമായ നടപടികൾ കേന്ദ്രസർക്കാരും സ്വീകരിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെടുകയാണ്. ജി.എസ്.ടി നിയമത്തിൽ (171) വകുപ്പ് പ്രകാരം ആന്റി-പ്രോഫിറ്ററിംഗ് അതോറിറ്റി രൂപീകരിക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. വിതരണം ചെയ്യപ്പെടുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്കിലെ കുറവും വ്യാപാരികൾക്ക് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുപാതിക ആനുകൂല്യവും ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കുകയാണ് അതോറിറ്റിയുടെ ലക്ഷ്യം. ഒരു ചെയർമാനും നാല് ടെക്നിക്കൽ അംഗങ്ങളും ചേർന്നതാണ് അതോറിറ്റി. ഇതിനുപുറമേ ആന്റി പ്രോഫിറ്ററി പരിശോധിക്കാനുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയും സംസ്ഥാനതലത്തിൽ സ്ക്രീനിംഗ് കമ്മിറ്റികളും ഉണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ലഭിക്കുന്ന പരാതികൾ പരിശോധിച്ച് നികുതി കുറവിന്റെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുകൂല്യം ഉപഭോക്താവിന് കൈമാറിയി |

| | | | |
|---|---|---|---|
| | | | ല്ലെങ്കിൽ നടപടികൾ സ്വീകരിക്കാൻ അതോറിറ്റിക്ക് റിപ്പോർട്ട് നൽകാവുന്നതാണ്. സംസ്ഥാനതലത്തിൽ സ്ക്രീനിംഗ് കമ്മിറ്റികൾ പരിശോധിച്ച് ശുപാർശകൾ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകുന്നതാണ്. സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നികുതി കുറവിന്റെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറിയില്ലെങ്കിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.<br>1. വിലയിൽ കുറവു വരുത്താൻ ഉത്തരവ് നൽകാം.<br>2. ഉപഭോക്താവിന് കൈമാറ്റം ചെയ്യപ്പെടാത്ത ആനുകൂല്യങ്ങൾ 18 ശതമാനം പലിശ നിരക്കിൽ ഉപഭോക്താവിന് നൽകുവാനുള്ള ഉത്തരവുകൾ നൽകാം. ഇതിനു പുറമേ പിഴയും ജി.എസ്.ടി രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുമുള്ള ഉത്തരവ് നൽകാം. അതോറിറ്റിയുടെയും സ്റ്റാന്റിംഗ് കമ്മറ്റികളുടെയും പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**